## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 628 | 24.05.2017 — ൽ മറുപടിക്ക്

# അന്ത്യോദയ അന്നയോജന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, ഒ. ആർ. കേളു<br>,, വി.കെ.സി. മമ്മത് കോയ<br>,, കാരാട്ട് റസാഖ് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെ യാണെന്നും വിശദമാക്കുമോ; | (ബി) | ദേശീയ തലത്തിൽ ഒരു കോടി ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ 25.12.2000 ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയ്ക്ക് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പ വരുത്തുക, എല്ലാവരേയും വിശപ്പിൽ നിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കത്തക്കവിധം പൊതു വിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണുള്ളത്. പ്രസ്തുത പദ്ധതി യിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗ ങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.<br><br>(i) സാമൂഹ്യമോ കുടുംബ പരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥൻ/ നാഥയായിട്ടുള്ള കുടുംബങ്ങൾ.<br>(ii) സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ ഏകയായ സ്ത്രീയോ പുരുഷനോ.<br>(iii) എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും.<br><br>ഇതു കൂടാതെ 04.09.2010 ലെ ജി.ഒ. (എം.എസ്) നം.31/10/ഭ.സി.സ.വ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം, വിട്ടുമാറാത്തതും മാരകമായ എയ്ഡ്സ് പോലുള്ള രോഗങ്ങൾക്ക് |

അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധദമ്പതികൾ. കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും യാതൊരു സാമ്പത്തിക സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് എ.എ.വൈ. പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഒഴിവുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതിയുടെ നടത്തിപ്പിനായി എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നത്;

(സി) പ്രതിമാസം 16807.49 മെ.ടൺ അരിയും 4045.475 മെ.ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യധാന്യം AAY വിഭാഗത്തിനായി കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നുണ്ട്.

(ഡി) പദ്ധതിയ്ക്കായുള്ള ഏതെല്ലാം ചെലവുകളാണ് സംസ്ഥാന സർക്കാർ വഹിക്കുന്നത്;

(ഡി) കി.ഗ്രാമിന് 3/- രൂപ നിരക്കിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന അരിയും കി.ഗ്രാമിന് 2/- രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പും സംസ്ഥാന സർക്കാർ എ.എ.വൈ. വിഭാഗത്തിന് സൗജന്യമായാണ് നൽകി വരുന്നത്. പ്രസ്തുതയിനത്തിൽ 5,85,13,420/- രൂപ (5.85 കോടി രൂപ) സർക്കാർ പ്രതിമാസം ചെലവഴിക്കുന്നുണ്ട്. ഭക്ഷ്യധാന്യ വിതരണം നിർവഹിക്കുന്ന മൊത്ത/ചില്ലറ വ്യാപാരികൾക്ക്/ സപ്ലൈകോയ്ക്ക് നൽകുന്ന കമ്മീഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 3.3 കോടി രൂപയും സർക്കാർ ചെലവിൽ ഉൾപ്പെടുന്നു.

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്തുള്ള കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ ഇത് നൽകുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ല.

(എഫ്) സംസ്ഥാനത്തിനുള്ള ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എഫ്) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള എ.എ.വൈ. ഗുണഭോക്താക്കളുടെ എണ്ണത്തിനും ടി വിഭാഗത്തിന് ഭക്ഷ്യ ഭദ്രത നിയമപ്രകാരമനുവദിച്ചിട്ടുള്ള വിതരണത്തോതിനും (അരിയും ഗോതമ്പുമുൾപ്പെടെ കാർഡിന് പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യം) ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നുണ്ട്.

*സെക്ഷൻ ഓഫീസർ*